പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1352** **04.02.2019 ൽ മറുപടിയ്ക്ക്**

**റാന്നി മണ്ഡലത്തിലെ അപ്ലൈഡ് സയൻസ് കോളേജിന് പി.ഐ.പി ഭൂമി**

**ചോദ്യം** — **ശ്രീ.രാജു എബ്രഹാം**

**മറുപടി** — **ശ്രീ.ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | റാന്നി നിയോജകമണ്ഡലത്തിലെ അയിരൂരിൽ അനുവദിച്ച ഐ.എച്ച്.ആർ.ഡി.യുടെ അപ്ലൈഡ് സയൻസ് കോളേജിനായി പി.ഐ.പി യുടെ എത്ര ഭൂമിയാണ് വിട്ടു നൽകാൻ സമ്മതം അറിയിച്ചിട്ടുള്ളത്; ഈ ഭൂമി ഐ.എച്ച്.ആർ.ഡി.ക്ക് വിട്ടുനൽകുന്നതിനായി എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; ഭൂമി വിട്ടുനൽകിക്കൊണ്ടുള്ള ഉത്തരവ് ഇതുവരെ പുറത്തിറക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ)യും (ബി)യും ( സി) യും( ഡി) യും<br>അയിരൂർ ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ ഉടമസ്ഥതയിലുള്ള 1 ഏക്കർ സ്ഥലത്ത് ആരംഭിക്കുന്ന ഐ. എച്ച്. ആർ. ഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസിനോട് ചേർന്നുകിടക്കുന്ന പി. ഐ. പി യുടെ കൈവശമുള്ള 20.24 ആർ സ്ഥലം സൗജന്യമായി പ്രസ്തുത ആവശ്യത്തിനായി വിട്ടു നൽകണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. ജലവിഭവ വകുപ്പിനു കീഴിലുള്ള പമ്പാ ഇറിഗേഷൻ പ്രോജക്ടിനുവേണ്ടി ഏറ്റെടുത്ത ഭൂമി പ്രസ്തുത പ്രോജക്ടിനു തുടർന്ന് ആവശ്യമില്ലാത്തപക്ഷം ആയത് ജലവിഭവ വകുപ്പ് 22.01.2000 ലെ സ.ഉ(കൈ)387/2000/റവ ഉത്തരവു പ്രകാരം റവന്യൂ വകുപ്പിനു തിരികെ ഏൽപ്പിക്കേണ്ടതാണ്. തുടർന്ന് പ്രസ്തുത ഭൂമി മറ്റ് ആവശ്യങ്ങൾക്കായി പാട്ടത്തിനോ കമ്പോളവില ഈടാക്കി പതിച്ചു നൽകുകയോ ചെയ്യേണ്ടത് റവന്യൂ വകുപ്പാണ്. ഐ. എച്ച്. ആർ. ഡി എന്ന സ്ഥാപനം സേവന വകുപ്പിന്റെ പരിധിയിൽ വരുന്നതല്ലാത്തതിനാൽ സേവന വകുപ്പുകൾ തമ്മിലുള്ള സൗജന്യ ഭൂമി കൈമാറ്റത്തിനു വ്യവസ്ഥയില്ലാത്തതിനാൽ കമ്പോളവില ഈടാക്കി പതിച്ചു നൽകാനോ പാട്ടത്തിനു നൽകാനോ മാത്രമേ സാധ്യമാവുകയുള്ളൂ. അര ഏക്കർ സ്ഥലത്തിന്റെ ആകെ കമ്പോള വിലയായി നിർണ്ണയിച്ചിട്ടുള്ള 4,04,800/- രൂപ നല്കി പ്രസ്തുത ഭൂമി ഏറ്റെടുക്കുവാൻ കഴിയാത്തപക്ഷം ടി ഭൂമി പാട്ടം കൊള്ളുവാൻ സന്നദ്ധമാണെങ്കിൽ ആയതിനുള്ള അപേക്ഷ ജില്ലാകള്കടർക്ക് സമർപ്പിക്കുവാൻ ഐ. എച്ച്. ആർ. ഡി |
| (ബി) | വിദ്യാഭ്യാസ സ്ഥാപനം എന്ന പരിഗണന നൽകി ഭൂമി സൗജന്യമായി വിട്ടു നൽകാൻ പി.ഐ.പി തയ്യാറായപ്പോൾ ഇതിന് തുക അടയ്ക്കണമെന്ന് നിർദേശിച്ചത് ആരാണ്; | |
| (സി) | വിദ്യാഭ്യാസ പരമായി പിന്നാക്കം നിൽക്കുന്ന മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനം എന്ന പരിഗണനയിൽ സൗജന്യമായി ഭൂമി ലഭ്യമാക്കണം | |

| | | |
|---|---|---|
| | എന്നഭ്യർത്ഥിച്ച് റാന്നി എം.എൽ.എ. ബഹു. റവന്യൂ മന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; | അധികൃതരെ അറിയിച്ചിട്ടുണ്ട്. പാട്ടം സ്വീകരിക്കുന്നതിനായി അപേക്ഷ ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇല്ലെങ്കിൽ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പി.ഐ.പി സൗജന്യമായി വിട്ടു നൽകിയ ഭൂമി ഐ.എച്ച്.ആർ.ഡി കോളേജിനായി സൗജന്യമായിത്തന്നെ വിട്ടു നല്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | |

സെക്ഷൻ ഓഫീസർ